പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4199 | 16-12-2014-ൽ മറുപടിക്ക്

## പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. സി.രവീന്ദ്രനാഥ്<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ. ടി.വി.രാജേഷ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപിക്കുന്നതിലൂടെ ലക്ഷ്യമിട്ട തരത്തിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതിക്ക് ഉണർവേകുന്നതിനും സാദ്ധ്യമാകുന്നില്ല എന്ന സി.എ.ജി റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ച മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (ബി) | 2005 - ലെ സെസ് ആക്ടും 2006 - ലെ സെസ് റൂൾസും അനുസരിച്ചാണ് പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകുന്നത്. സെസ് ആക്ടിന്റെയും റൂൾസിന്റെയും അടിസ്ഥാനത്തിൽ രൂപീകരിച്ച Approval Committee പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വർഷം തോറും നിരീക്ഷിക്കാറുണ്ട്. |
| (സി) | പ്രത്യേക സാമ്പത്തിക മേഖല നികുതി വെട്ടിപ്പ് നടത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതായും അനുവദിക്കപ്പെടുന്ന ഭൂമി റിയൽ എസ്റ്റേറ്റ് ലക്ഷ്യം വെക്കുന്നതായും ഉള്ള ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (സി) | സെസ് റൂൾസും ആക്ടും പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാണ് പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകുന്നത് സെസ് ആക്ടിലെയും റൂൾസിലേയും വ്യവസ്ഥകളുടെ ലംഘനവും സെസ് മേഖലയ്ക്ക് അംഗീകാരം നൽകിയ വ്യവസ്ഥകളുടെ ലംഘനവും പരിശോധിക്കുന്നത് കേന്ദ്ര സർക്കാരാണ്. |

(ഡി) സംസ്ഥാനത്ത് സെസ് അനുവദിച്ച മേഖലകളിലെ പ്രവർത്തനം ലക്ഷ്യമനുസരിച്ച് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

(ഡി) അധിക സാമ്പത്തിക വളർച്ച നേടിയെടുക്കുക, സാധനങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രൂപീകരിക്കുന്ന സ്ഥാപനങ്ങൾക്ക് നികുതി രഹിതമായ ഒരു ഇൻഡസ്ട്രിയൽ എൻക്ലേവ് പ്രദാനം ചെയ്യുക എന്നതാണ് പ്രത്യേക സാമ്പത്തിക മേഖല കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ 2003-ൽ ആദ്യമായി സെസ് നയം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് 2008-ൽ പുതുക്കിയ സെസ് നയം പ്രഖ്യാപിച്ചു. പ്രസ്തുത നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഇളവുകൾ തുടർന്നും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ